"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - പി.എച്ച്.ഡി ബിരുദമുള്ളതിനാൽ National Eligibility Test (NET) യോഗ്യതയിൽ നിന്നും ഇളവ് നേടി സർവ്വീസിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് ആറാം യു.ജി.സി ശമ്പള പരിഷ്കരണം പ്രകാരമുള്ള മുൻകൂർ ഇൻക്രിമെന്റ് അനുവദിക്കാവുന്നതാണെന്ന് സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്**

**സ.ഉ.(കൈ) നം.4/2020/ഉ.വി.വ** തീയതി,തിരുവനന്തപുരം, 03/01/2020

---

പരാമർശം:- 1. 28/8/2014ലെ 15466/സി3/14/ഉ.വി.വ നമ്പർ സർക്കാർ കത്ത്.
2. 19/3/2019-ലെ എ 2/38148/2017/കോ.വി.വ നമ്പർ കത്ത്.
3. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ 21/10/2019-ലെ F.No.18-4/2013 (PS/Misc.) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പി.എച്ച്.ഡി കരസ്ഥമാക്കിയതിനാൽ National Eligibility Test (NET) യോഗ്യതയിൽ നിന്നും ഇളവ് നേടി സർവ്വീസിൽ പ്രവേശിക്കുന്ന അദ്ധ്യാപകർക്ക് യു.ജി.സി.യുടെ അഞ്ച് മുൻകൂർ ഇൻക്രിമെന്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധി സമയബന്ധിതമായി നടപ്പാക്കേണ്ടതുള്ളതിനാലും, വിധിക്കെതിരെ അപ്പീലിന് സാധ്യതയില്ലെന്ന് നിയമോപദേശം ലഭിച്ചിട്ടുള്ള സാഹചര്യത്തിലും, പി.എച്ച്.ഡി ബിരുദമുള്ളതിനാൽ നെറ്റിൽ നിന്ന് ഇളവ് ലഭിച്ച് സർവ്വീസിൽ പ്രവേശിച്ച അദ്ധ്യാപകർക്ക് യു.ജി.സി. പദ്ധതി പ്രകാരമുള്ള മുൻകൂർ ഇൻക്രിമെന്റുകൾ അനുവദിക്കാവുന്നതാണെന്നും, ആയത് ഇക്കാര്യത്തിൽ യു.ജി.സി. നൽകുന്ന സ്പഷ്ടീകരണത്തിന് വിധേയമായിരിക്കുമെന്നും പരാമർശം (1)ലെ കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ യു.ജി.സി.യിൽ നിന്ന് സ്പഷ്ടീകരണം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. പി.എച്ച്.ഡി യോഗ്യതയുള്ള നോൺ കോമ്പൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റുകൾ നൽകുന്നത് NET യോഗ്യതയിൽ നിന്നും ഇളവ് നേടുന്നതുമായി ബന്ധപ്പെടുത്തേണ്ടതില്ലെന്നും, NET യോഗ്യതയില്ലാത്ത പി.എച്ച്.ഡി. ബിരുദമുള്ള അദ്ധ്യാപകർക്കും മുൻകൂർ ഇൻക്രിമെന്റിന് അർഹതയുണ്ടെന്നും, പ്രസ്തുത പി.എച്ച്.ഡി യു.ജി.സി.യുടെ റെഗുലേഷനുകളിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരത്തിലുള്ളതായിരിക്കണമെന്നും പരാമർശം (3)

പ്രകാരം യു.ജി.സി.സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ National Eligibility Test (NET) യോഗ്യതയില്ലാതെ സർവ്വീസിൽ പ്രവേശിച്ച പി.എച്ച്.ഡി യോഗ്യതയുള്ള അദ്ധ്യാപകർക്ക് ആറാം യു.ജി.സി. സ്കീം പ്രകാരം മുൻകൂർ ഇൻക്രിമെന്റ് അനുവദിക്കാവുന്നതാണെന്ന് സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിജയകുമാർ ആർ.

അഡീഷണൽ സെക്രട്ടറി

കോപ്പി: -

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ടെക്നിക്കൽ എഡ്യുക്കേഷൻ, ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

ഉന്നത വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

www.highereducation.kerala.gov.in

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്